## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ദേശീയ ഗ്രാമീണ ജീവന ദൗത്യം വഴി വിതരണം ചെയ്ത ആനുകൂല്യം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3005

03.04.2013 ൽ മറുപടിക്ക്

ചോദ്യം.

ഉത്തരം.

| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ.കെ.സി.ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ ഗ്രാമീണ ജീവന ദൗത്യം വഴി എന്ത് തുകയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വെന്നുള്ള വിവരം നൽകുമോ; | (എ) | വിപണന പിന്തുണയ്ക്കായി 2.43 കോടി രൂപയും സൂക്ഷ്മസംരംഭക പരിശീലനത്തിനായി 1.72 കോടി രൂപയും സാമൂഹ്യസംഘടനാ സംവിധാനത്തിന്റെ ശേഷി വികസനത്തിനായി 9.29 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല |
| (ബി) | ഏതെല്ലാം പദ്ധതികൾക്കായാണ് പ്രസ്തുത തുക വിതരണം ചെയ്തതെന്ന് വിശദമാക്കുമോ | (ബി) | താഴെപറയുന്ന പദ്ധതികൾക്കാണ് പ്രസ്തുത തുക വിതരണം ചെയ്തിട്ടുള്ളത്:-<br>1. സാമൂഹ്യ പങ്കാളിത്തം – സമൂഹത്തിലെ നിരാലംബരും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളെ കൂടി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക.<br>2. മിതവ്യയ സാമ്പത്തിക പങ്കാളിത്തം - അയൽക്കൂട്ട ഗ്രൂപ്പുകളുടെ സാമ്പത്തിക അച്ചടക്കം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മുഖ്യധാരാ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും |

| | | | |
|---|---|---|---|
| | | | അയൽക്കൂട്ടങ്ങൾക്ക് പരമാവധി വായ്പാ സംവിധാനം ഉറപ്പുവരുത്തുക, പരിശീലനങ്ങൾ തുടങ്ങിയവ.<br>3. ഉപജീവന ഉപാധികൾ – കൃഷി, കൃഷി അനുബന്ധ ഉത്പാദന, സേവന മേഖലകളിൽ സ്വയം തൊഴിൽ ഉപജീവന മാർഗ്ഗങ്ങൾ കൂടുതൽ വിപുലമാക്കുക. സ്വയം തൊഴിൽ സംരംഭങ്ങ ളുടെ വിജയ സാധ്യത വർദ്ധിപ്പിക്കുക. |
| (സി) | ഏതെല്ലാം ഏജൻസികൾ വഴി യാണ് പ്രസ്തുത തുക വിത രണം ചെയ്തതെന്നുള്ളവിവരം നൽകുമോ; | (സി) | കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്) എന്നീ ഏജൻസികൾ മുഖേനയാണ് തുക ചെലവഴിച്ചിട്ടുള്ളത്. |
| (ഡി) | ഗുണഭോക്താക്കളുടെ എണ്ണത്തി ന്റെയും വിതരണം ചെയ്ത തുക യുടെയും ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ? | (ഡി) | വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ